# കേരളാ സ്റ്റേറ്റ് ഭാരത് സ്കൗട്ട്സ് ആന്റ് ഗൈഡ്സ്
## സംസ്ഥാന കാര്യാലയം, തിരുവനന്തപുരം - 33

നമ്പർ:-**G-1404/2018/BSG** തീയതി: **29.05.2018**

സ്വീകർത്താവ്

**ജില്ലാ സെക്രട്ടറി,**

**_____________ ജില്ല**

സർ/മാഡം,

***വിഷയം:- ഗോൾഡൻ ആരോ ബാഡ്ജിനുള്ള അപേക്ഷ - സംബന്ധിച്ച്***

***സൂചന:- നാഷണൽ ഡയറക്ടരുടെ 11.05.2018 ലെ 49/2018 സർക്കുലർ***

ചതുർത്ഥ ചരൺ/ഹീരക് പംഖ് കഴിഞ്ഞവരും കബ്ബ്/ബുൾബുൾ വിഭാഗത്തിലെ APRO യിൽ നിർദ്ദേശിച്ചിരിക്കുന്ന എല്ലാ ഗ്രൂപ്പുകളിൽ നിന്നും (5 ഗ്രൂപ്പ്) കുറഞ്ഞത് ആറ് പ്രോഫിഷ്യൻസി ബാഡ്ജ് നേടിയിട്ടുള്ള കബ്ബ്സ്/ബുൾബുൾസ് എന്നിവരിൽ നിന്നും ഗോൾഡൻ ആരോ ബാഡ്ജിനുവേണ്ടിയുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. ഒരു ഗ്രൂപ്പിൽ നിന്നും പരിധിയില്ലാതെ തന്നെ കുട്ടികളെ അയക്കാവുന്നതാണ്. അപേക്ഷകർ ഏഴ് വയസ്സ് പൂർത്തിയായിട്ടുള്ളവരും 30.09.2018 നകം പത്ത് വയസ്സ് തികയാത്തവരുമായിരിക്കണം. www.bsgindia.org വെബ്സൈറ്റിൽ നിന്ന് അപേക്ഷാഫോറം എടുത്ത് 3 സെറ്റ് പൂരിപ്പിച്ച് ASOC വെരിഫൈ ചെയ്തശേഷം സംസ്ഥാന കാര്യാലയത്തിലേക്ക് അയക്കുക. മൂന്ന് ഫോറത്തിലും ഫോട്ടോ ഒട്ടിച്ചശേഷം ഒപ്പുകൾ ഇടുക. ഹെഡ്മിസ്ട്രസ്സ് ഫോട്ടോയിൽ ഒപ്പ് വെക്കണം. അതിന് താഴെ സീലും വെയ്ക്കണം. ഓരോ ഫോറത്തിനോടൊപ്പവും ജനനതീയതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഓരോരുത്തരുടേയും വെവ്വേറെ വെയ്ക്കണം. ഒരു കുട്ടിയുടെ 3 ഫോറം വീതം 30.06.2018 ന് മുൻപായി സംസ്ഥാന കാര്യാലയത്തിലേക്ക് അയച്ചുതരേണ്ടതാണ്. നിശ്ചിത തീയതിക്കുശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല. അപേക്ഷകർക്ക് ചതുർത്ഥ ചരൺ/ഹീരക് പംഖ് വരെയുള്ള എല്ലാ അറിവും ഉണ്ടെന്ന് യൂണിറ്റ് ലീഡർമാരും ജില്ലാ ഓർഗനൈസിംഗ് കമ്മീഷണർമാരും ഉറപ്പ് വരുത്തിയിരിക്കണം.

***<u>അപേക്ഷാഫോറം അയക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ</u>***

1. അപേക്ഷകന്റെ കബ്ബ്മാസ്റ്റർ/ഫ്ളോക്ക് ലീഡർ അഡ്വാൻസ്ഡ് ട്രയിനിംഗ് എങ്കിലും കഴിഞ്ഞിട്ടുണ്ടാവണം.
2. പൂർണ്ണമായ യൂണിഫോം ധരിച്ച് എടുത്തിട്ടുള്ള പാസ്സ്പോർട്ട് വലിപ്പത്തിലുള്ള ഫോട്ടോ പതിച്ചിരിക്കണം. ഫോട്ടോ പ്രഥമാധ്യാപകൻ സാക്ഷ്യപ്പെടുത്തിയിരിക്കണം.
3. ഒരു എക്സാമിനർ ഒന്നിലധികം പ്രൊഫിഷ്യൻസി ബാഡ്ജുകളുടെ പരിശോധകനാവരുത്.
4. ഒരു യൂണിറ്റിലെ കുട്ടിയുടെ ബാഡ്ജ് പരിശോധകനായി അതേ യൂണിറ്റിലെ കബ്ബ്മാസ്റ്റർ/ഫ്ളോക്ക് ലീഡർ പ്രവർത്തിക്കരുത്.
5. എല്ലാ ചരൺ/പംഖ് ബാഡ്ജുകളും APRO II/III പ്രകാരമുള്ള നിശ്ചിത സമയമെടുത്ത് നേടിയിട്ടുള്ളവരായിരിക്കണം.
6. എല്ലാ പ്രഫിഷ്യൻസി ബാഡ്ജുകളും ഒരേ തീയതിയിലോ അടുത്തുള്ള തീയതികളിലോ നേടിയിട്ടുള്ളവരാകരുത്.
7. സ്റ്റേറ്റ് ലെവൽ ടെസ്റ്റ് നടത്തിയ തീയതി 12.02.2018 to 14.02.2018 എന്ന് ചേർക്കുക.
8. 01.07.2006 നും 30.09.2008 നും ഇടയിൽ ജനന തീയതിയുള്ള കുട്ടികൾ മാത്രമേ അപേക്ഷ അയക്കാൻ പാടുള്ളൂ.
9. ചതുർത്ഥ ചരൺ/ഹീരക് പംഖ് പൂർത്തിയായ തീയ്യതി കൃത്യമായി രേഖപ്പെടുത്തിയിരിക്കണം.
10. സർട്ടിഫിക്കറ്റ് നമ്പർ കൃത്യമായി രേഖപ്പെടുത്തിയിരിക്കണം.

സ്നേഹാദരപൂർവ്വം,

R. Shaji

**State Org. Commissioner (S/G)** I/c

Copy to: S.C (S) & (G), ST, STC(S) & (G), All ASOC's

*Forwarded by*

**Hon. State Secretary**